## പതിമൂന്നാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2285** — **18.2.2016 - ലെ മറുപടിക്ക്**

# ഗ്രാമീണാരോഗ്യമേഖലയിലെ സ്പെഷ്യലിസ്റ്റ് ഒഴിവുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മുൻ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ നിർബന്ധിത ആരോഗ്യ സേവന വ്യവസ്ഥ ഒഴിവാക്കാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കാമോ; | (എ) മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ നിർബന്ധിത ഗ്രാമീണ സേവനത്തിനു പകരം സ്വമേധയായുള്ള ഗ്രാമീണ സേവനം കൊണ്ടുവരികയാണ് ഈ സർക്കാർ ചെയ്തത്. ഹൗസ് സർജൻസി കഴിഞ്ഞ ഡോക്ടർമാരുടെ നിരന്തരമായ പരാതികളും നിവേദനങ്ങളും പരിഗണിച്ചാണ് സർക്കാർ ഇത് നടപ്പാക്കിയത്. |
| (ബി) ഗ്രാമീണാരോഗ്യമേഖലയിൽ 896 സ്പെഷ്യലിസ്റ്റുകൾ വേണ്ടിടത്ത് വെറും 36 പേർ മാത്രമാണുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ആണ് സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തിക അനുവദിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമീണ മേഖലയിലുള്ള ചില സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും സ്പെഷ്യാലിറ്റി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഗ്രാമീണമേഖലയിൽ കൂടുതൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |

(സി) സർക്കാരിന്റെ അനാസ്ഥ കൊണ്ട് ഗ്രാമീണാരോഗ്യമേഖല നിശ്ചലമാകാനിടയായതു മൂലം ഗ്രാമീണ ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(സി) സർക്കാരിന്റെ അനാസ്ഥ മൂലം ഗ്രാമീണാരോഗ്യ മേഖല നിശ്ചലമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗ്രാമീണാരോഗ്യ മേഖലയിൽ പി.എച്ച്.സി കളും സി.എച്ച്.സി കളും പ്രവർത്തിച്ചു വരുന്നുണ്ട്. പരിമിതമായ സ്പെഷ്യാലിറ്റി സൗകര്യങ്ങളുടെ അഭാവമുള്ളയിടങ്ങളിൽ താലൂക്ക് / ജില്ല ആശുപത്രികളിലേക്ക് രോഗികളെ റഫർ ചെയ്യാറുണ്ട്. കൂടാതെ സബ്സെന്ററുകളിൽ എല്ലാ ആഴ്ചയും ജീവിതശൈലി രോഗ നിർണ്ണയ ക്ലിനിക്കുകളും (NCD) പ്രവർത്തിച്ചു വരുന്നുണ്ട്. വിവിധ ആരോഗ്യ പദ്ധതികളും ഗ്രാമീണ മേഖലയിൽ ആരോഗ്യ പ്രവർത്തകർ വഴി നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ